**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 429** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുള്ളതിൽ വലിയൊരു വിഭാഗത്തിനും റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ട് ഡ്രൈവിംഗ് നടത്തുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം ഇല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഡ്രൈവിംഗ് പഠിക്കാൻ വരുന്നവർക്ക് റോഡ് നിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതിനുള്ള പരിശീലനം ഡ്രൈവിംഗ് സ്കൂളുകൾ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളിൽ മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും പഠിതാക്കൾക്ക് നൽകുന്ന പരിശീലനം കുറ്റമറ്റ രീതിയിലാണെന്ന് ഉറപ്പുവരുത്താറുമുണ്ട്. കൃത്യമായ പരിശീലനം നടത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഡ്രൈവിംഗ് ടെസ്റ്റിന് ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടറുടെ സാന്നിദ്ധ്യം ഉണ്ടാകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നടത്തേണ്ട ഡ്രൈവിംഗ് ടെസ്റ്റുകളുടെ എണ്ണം 40 ആയി നിജപ്പെടുത്തിയത് ആവശ്യമായ സമയമെടുത്ത് കൃത്യമായ പരിശോധന നടത്തി അപേക്ഷകന് ഗുണമേന്മയുള്ള ലൈസൻസ് നൽകുന്നതിനു വേണ്ടിയാണ്. |
| (സി) | ഡ്രൈവിംഗ് പരിശീലനത്തിനും ലൈസൻസ് എടുക്കുന്നതിനും ഏകീകൃത നിരക്ക് കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഡ്രൈവിംഗ് പരിശീലനത്തിനും ലൈസൻസ് എടുക്കുന്നതിനും ഏകീകൃത നിരക്ക് നടപ്പാക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്. ശാസ്ത്രീയമായി ഡ്രൈവിംഗ് പരിശീലിപ്പിച്ച് ഗുണമേന്മയുള്ള ലൈസൻസ് നൽകുവാൻ തിരുവനന്തപുരം കെഎസ്ആർടിസിയുടെ കീഴിൽ സ്റ്റാഫ് ട്രെയിനിങ് സെൻററിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിച്ചു കഴിഞ്ഞു. വിവിധ ജില്ലകളിൽ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഡ്രൈവിംഗ് പരിശീലനം മികവുറ്റതാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | പ്രാരംഭഘട്ടം എന്ന നിലയിൽ കെഎസ്ആർടിസിയുടെ തിരുവനന്തപുരം സ്റ്റാഫ് ട്രെയിനിങ് സെൻററിൽ ഒരു ഡ്രൈവിംഗ് സ്കൂൾ 2024 ജൂൺ മാസത്തിൽ ഉദ്ഘാടനം ചെയ്തു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പാറശാല, ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, മാവേലിക്കര, ചാലക്കുടി, എടപ്പാൾ, ചിറ്റൂർ, കോഴിക്കോട്, മാനന്തവാടി എന്നീ 10 കേന്ദ്രങ്ങളിൽ കൂടി കെഎസ്ആർടിസിയുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളിൽ ഡ്രൈവിംഗ് പഠിക്കുന്നതിനും ലൈസൻസ് എടുക്കുന്നതിനുമുള്ള ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | നിശ്ചയിച്ചിട്ടുണ്ട്.<br>ഹെവി മോട്ടോർ വെഹിക്കിൾ - 9,000/-<br>ലൈറ്റ് മോട്ടോർ വെഹിക്കിൾ - 9,000/-<br>ടൂവീലർ വിത്ത് ഗിയർ - 3,500/-<br>ടൂവീലർ വിത്തൗട്ട് ഗിയർ - 3,500/-<br>ലൈറ്റ് മോട്ടോർ വെഹിക്കിൾ & ടൂവീലർ വിത്ത് ഗിയർ /വിത്തൗട്ട് ഗിയർ - 11,000/- |

സെക്ഷൻ ഓഫീസർ